I ഇ.ബി. XIV - കേരള നിയമസഭ/I-13

**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

2016 ജൂലൈ 15, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

I **അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ : ശ്രീ. എം. വിൻസെന്റ്, ഡോ. എം. കെ. മുനീർ, ശ്രീ. സി. എഫ്. തോമസ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളത് ആദ്യത്തെ സബ്മിഷനായി പരിഗണിക്കുന്നതാണ്.

**II ശ്രദ്ധക്ഷണിക്കൽ**

(1) ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ സംരക്ഷണം

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ശാസ്താംകോട്ട ശുദ്ധജല തടാകം നിരന്തരമായ മണ്ണൊലിപ്പുമൂലം നികന്നുകൊണ്ടിരിക്കുകയാണ്. ഈ തടാകത്തെ സംരക്ഷിക്കുന്നതിനുവേണ്ടി 1998 മുതൽ പല പദ്ധതികളെക്കുറിച്ചും ആലോചിച്ചുവെങ്കിലും നാളിതുവരെയായി യാതൊന്നും നടന്നിട്ടില്ല. ഈ തടാകത്തിൽനിന്ന് അമിതജലം ചവറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കൊല്ലം ജില്ലയിൽ വെള്ളമെത്തിക്കുന്നതിന് ആരംഭിച്ച പദ്ധതി മുടങ്ങിക്കിടക്കുകയാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ട് വിനിയോഗവും വിവിധ വകുപ്പുകളുടെ ഏകോപനവുംകൊണ്ട് മാത്രമേ പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിക്കുകയുള്ളൂ. ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിച്ച് ഈ തടാകത്തെ പൂർണ്ണമായി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച മാനേജ്മെന്റ് ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ശാസ്താംകോട്ട കായലിന്റെ സംരക്ഷണത്തിനും ഹരിതവൽക്കരണത്തിനുംവേണ്ടി പത്തുലക്ഷം രൂപ സംയുക്ത ജൈവ വൈവിധ്യ പരിപാലന സമിതിക്ക് നൽകിയിട്ടുണ്ട്. ഈ ഫണ്ടുപയോഗിച്ച് കായലിനോട് ചേർന്ന സ്ഥലത്ത് ജൈവവേലി നിർമ്മാണം, ഫലവൃക്ഷങ്ങൾ

നട്ടുപിടിപ്പിക്കൽ, ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കൽ എന്നിവ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നടത്തിയിട്ടുണ്ട്. ശാസ്താംകോട്ട തടാകമുൾപ്പെടെയുള്ള ജലാശയങ്ങളുടെ സംരക്ഷണത്തിനായി സംസ്ഥാന തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ ജല ഗുണനിലവാര പരിശോധനയും ജലസ്രോതസ് ഉറപ്പാക്കാനാവശ്യമായ സംവിധാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്. ചെറുനീർത്തടങ്ങളെ അടിസ്ഥാനമാക്കിയുള്ള ജലസംരക്ഷണ പരിപാടികളും പരിഗണനയിലാണ്. നീർത്തടങ്ങളെയും തടാകങ്ങളെയും സംരക്ഷിക്കുന്ന കർമ്മപദ്ധതികൾ സംസ്ഥാനത്താകെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. നശിച്ചുകൊണ്ടിരിക്കുന്ന ഈ തടാകത്തെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) <u>വന്യജീവി ആക്രമണം</u>

<u>ശ്രീ. സണ്ണി ജോസഫ്</u> : സംസ്ഥാനത്തെ വന്യജീവിശല്യം ഫലപ്രദമായി നേരിടുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 28 ശതമാനത്തിലധികം വനമേഖലയാണ്. വനസംരക്ഷണ നിയമവും വന്യമൃഗസംരക്ഷണ നിയമവും ഫലപ്രദമായി നടപ്പാക്കിയതിന്റെ ഫലമായി വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. കഴിഞ്ഞ 10

വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 150 പേർ വന്യജീവി ആക്രമണംമൂലം മരണപ്പെട്ടു. വനാതിർത്തികളിൽ ആന പ്രതിരോധ മതിൽ ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. ധനകാര്യ-വനം വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഒരു യോഗം വിളിച്ചുകൂട്ടണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സംസ്ഥാനത്തെ വനാതിർത്തികളിൽ താമസിക്കുന്നവർക്ക് വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് വന്യജീവികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. സൗരോർജ്ജ കമ്പിവേലി, ആനപ്രതിരോധ കിടങ്ങ്, ആനപ്രതിരോധ മതിൽ തുടങ്ങിയവയും കർഷകർക്ക് മുന്നറിയിപ്പ് നൽകുന്നതിനായി റേഡിയോ കോളർ സംവിധാനവും നടപ്പാക്കിയിട്ടുണ്ട്. ആനത്താരകളുടെ ക്രോഡീകരണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വിവിധ സംഘടനകളുടെ സഹകരണത്തോടെ പുരോഗമിച്ചുവരികയാണ്. വനാശ്രിത വിഭാഗങ്ങളെ വനത്തിന് പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സഹായത്തോടെ വയനാട്ടിൽ നടപ്പാക്കുകയും ഇത്തരത്തിൽ 185 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ആറളം

പ്രദേശത്ത് 25 കി. മീ. ദൂരം സ്റ്റീൽ ഫെൻസിംഗും വനത്തിനുള്ളിൽ വന്യജീവികൾക്കായി ജലവും ഭക്ഷണവും ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിന് വനാതിർത്തികളിലെ കർഷകർക്ക് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോധവത്ക്കരണം നടത്തുന്നുണ്ട്. പുതുക്കിയ ബഡ്ജറ്റിൽ മനുഷ്യ-വന്യജീവി സംരക്ഷണത്തിനായി പ്രത്യേക നിക്ഷേപ പദ്ധതിയിൽ 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തി അടിയന്തര സഹായം ആവശ്യപ്പെട്ട് നിവേദനം നൽകിയിട്ടുണ്ട്. ഇതിനായി സംസ്ഥാന-ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുകൂട്ടുന്ന കാര്യവും പരിഗണിക്കുന്നതാണ്.

## III **സബ്മിഷൻ**

### (1) <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം</u>

<u>ശ്രീ. എം. വിൻസെന്റ്:</u> വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ആശങ്ക ഉയർത്തിക്കൊണ്ട് കുളച്ചൽ തുറമുഖ പദ്ധതിക്ക് അംഗീകാരം നൽകിയ കേന്ദ്ര സർക്കാർ നടപടി തിരുത്തുന്നതിന് സംസ്ഥാന സർക്കാർ അടിയന്തരമായി

ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് എല്ലാ അനുമതിയും ലഭ്യമാകുകയും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി വിഴിഞ്ഞം തുറമുഖ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ദൂരപരിധി പരിഗണിക്കാതെ യുക്തിരഹിതമായി കുളച്ചൽ തുറമുഖ പദ്ധതിക്ക് അംഗീകാരം നൽകിയ കേന്ദ്ര സർക്കാർ നടപടിയോട് യോജിക്കാൻ കഴിയില്ല. ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ ആശങ്ക അറിയിച്ചുകൊണ്ട് പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും നേരിൽക്കണ്ട് ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നതുമാണ്. എം.പി.മാരുടെ യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും പാർലമെന്റിൽ ഇത് ശക്തമായി ഉന്നയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നതാണ്.

(2) പ്രവീണിന്റെ ജയിൽവാസം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ചെയ്യാത്ത കുറ്റത്തിന് രണ്ട് വർഷത്തോളമായി കെനിയയിലെ ജയിലിൽ കഴിയുന്ന പത്തനാപുരം സ്വദേശി പ്രവീണിന്റെ മോചനത്തിന് സർക്കാർ അടിയന്തരമായി ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ദുബായിലുള്ള വാട്ടർ വേവ് ഷിപ്പിംഗ്

കമ്പനിയിലെ നാവികനായ ശ്രീ. പ്രവീണിനെയും മറ്റ് കപ്പൽ ജീവനക്കാരെയും കപ്പലിൽ മയക്കുമരുന്ന് കടത്തിയെന്നാരോപിച്ച് കെനിയൻ പോലീസ് കസ്റ്റഡിയിലെടുക്കുകയും തുടർന്ന് ജയിലിൽ അടയ്ക്കുകയുമായിരുന്നു. നിരപരാധിയായ തന്റെ മകനെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് പ്രവീണിന്റെ പിതാവ് നിവേദനം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ നോർക്ക റൂട്ട്സ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രവീണിന്റെ മോചനത്തിന് സാധ്യമായ സഹായങ്ങൾ നൽകണമെന്ന് കെനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണറോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര വിദേശകാര്യ മന്ത്രിയോടും പ്രധാനമന്ത്രിയോടും ഈ വിഷയം സംസാരിക്കുന്നതാണ്.

## (3) ഭൂനികുതി

ശ്രീ. പുരുഷൻ കടലുണ്ടി: ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ കർഷകരുടെ ഭൂനികുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 1971-ലെ കേരള സ്വകാര്യ വനം നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ സ്വകാര്യവനങ്ങളും 1971 മേയ് 10-ന് സർക്കാരിൽ നിക്ഷിപ്തമായി. തിരുവണ്ണാമൂഴി റെയ്ഞ്ചിലെ ചില വില്ലേജുകളിൽ 62 പേർ കൈവശംവച്ചിരിക്കുന്ന സർക്കാരിൽ നിക്ഷിപ്തമായ ഭൂമിയുടെ നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം നിലനിൽക്കുന്നുണ്ട്. 30.8.1989-ലെ സർക്കാർ ഉത്തരവുപ്രകാരം

തിരുവണ്ണാമൂഴിയിലെ വനഭ്രമി കയ്യേറ്റങ്ങളെ സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകൾ പരിശോധന നടത്തിയതിൽ 77 അപേക്ഷകൾ 1977-ന മുമ്പുള്ള കയ്യേറ്റമാണെന്ന കണ്ടെത്തുകയും അർഹരായവർക്കെല്ലാം കൈവശരേഖ നൽകുകയും ചെയ്തിട്ടുണ്ട്. 117 അപേക്ഷകളിലാണ് വനം കയ്യേറ്റം നടന്നിട്ടുള്ളത്. ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഹൈക്കോടതിയുടെ ഉത്തരവ് നിലനിൽക്കുന്നുണ്ട്. 62 കർഷകരുടെ ഭ്രമിക്ക് നികുതി സ്വീകരിക്കാത്തതു സംബന്ധിച്ച് റവന്യൂ-വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ 17 പേർ മേൽപ്പറഞ്ഞ 117 അപേക്ഷകരിൽ ഉൾപ്പെട്ടവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 29 അപേക്ഷകളുടെ പരിശോധന പൂർത്തിയായിട്ടുണ്ട്; 16 അപേക്ഷകൾ പരിശോധിക്കാനുണ്ട്. വസ്തുവിന്റെ പട്ടയം, ആധാരം, ലാന്റ് ഏരിയ രജിസ്റ്റർ, റബ്ബർ ബോർഡിലെ രജിസ്ട്രേഷൻ റിക്കാർഡ് ഇവയിലേതെങ്കിലും ഒന്ന് കൈവശമുള്ള കർഷകരിൽനിന്നും ഭ്രമിയുടെ വിസ്തൃതിക്കനുസരിച്ച് കരം സ്വീകരിക്കുന്നതും വനാതിർത്തി നിശ്ചയിക്കാനുള്ള സർവ്വേനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതുമാണ്.

(4) <u>മലിനീകരണ പ്രശ്നം</u>

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u> : കഞ്ചിക്കോട് വ്യവസായ മേഖലയിലെ ഇരുമ്പുരുക്ക് കമ്പനികളിൽനിന്നുണ്ടാകുന്ന മലിനീകരണ പ്രശ്നം

പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) : മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന നാനൂറോളം വ്യവസായ സ്ഥാപനങ്ങളിൽ മുപ്പത്തിയഞ്ചോളം ഇരുമ്പുരുക്ക് വ്യവസായശാലകളാണുള്ളത്. ഇവിടെ ഇരുപതോളം യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ വ്യവസായശാലകളിൽനിന്ന് പുറത്തുവരുന്ന പൊടി കലർന്ന വാതകം അന്തരീക്ഷ മലിനീകരണമുണ്ടാക്കുകയും രോഗങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നുണ്ട്. ഓരോ വ്യവസായ യൂണിറ്റിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വ്യവസായശാലകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നുണ്ടോയെന്ന് രണ്ടുമാസത്തിലൊരിക്കൽ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിക്കുന്നുണ്ട്. അന്തരീക്ഷ മലിനീകരണം തടയുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഡോ. സുകുമാരൻ നായർ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. വ്യവസായശാലകളിലെ ഖരമാലിന്യം മറ്റേതെങ്കിലും പ്രോഡക്ടായി ഉപയോഗിക്കാൻ സാധിക്കുമോയെന്ന് ആലോചിക്കുകയാണ്. ശക്തമായ ഇടപെടലുകൾ നടത്തി പ്രശ്ന പരിഹാരത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(5) <u>കോർ മലയും വാട്ടർടാങ്കും സംരക്ഷിക്കൽ</u>

<u>ശ്രീ. എൽദോ എബ്രഹാം</u>: മൂവാറ്റുപുഴ നഗരത്തിൽ വെണ്ണൂർകുന്നം വില്ലേജിൽ അപകടാവസ്ഥയിലായ കോർ മലയും വാട്ടർടാങ്കും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. അയ്യായിരത്തിൽപ്പരം വീടുകളിലേക്ക് കുടിവെള്ളം എത്തിച്ചിരുന്ന ജലസംഭരണി ഇന്ന് അപകടസ്ഥിതിയിലാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് ജലവിഭവ-റവന്യൂ വകുപ്പുമന്ത്രിമാർ പ്രസ്തുത സ്ഥലം സന്ദർശിച്ച് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): മൂവാറ്റുപുഴ വെണ്ണൂർക്കുന്നം വില്ലേജിൽ 30 അടി ഉയരമുള്ള സ്ഥലത്ത് മണ്ണിടിച്ചിലുണ്ടായതിനെത്തുടർന്ന് മാറ്റിപ്പാർപ്പിച്ച നാല് കുടുംബങ്ങളെ സ്ഥിരമായി പാർപ്പിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് മൂവാറ്റുപുഴ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സാങ്കേതിക കാരണങ്ങളാൽ വാട്ടർ ടാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കാൻ സാധ്യമല്ലെന്നും മൂവാറ്റുപുഴ നഗര ശുദ്ധജല പദ്ധതി പൂർത്തിയാകുമ്പോൾ ടാങ്കിൽ നിന്നുള്ള ജലവിതരണം പൂർണ്ണമായും നിർത്തലാക്കുമെന്നും ടാങ്ക് ഡീ-കമ്മീഷൻ ചെയ്യുന്നതാണെന്നും വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ജാഗ്രതാ നിർദ്ദേശം

നൽകാനും ദുരന്തമുണ്ടാകാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(6) ഡോക്ടർമാരുടെ അഭാവം

ശ്രീ. അടൂർ പ്രകാശ്: കോന്നി താലൂക്കാശുപത്രിയിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനും വർക്കിംഗ് അറേഞ്ചുമെന്റിൽ മറ്റ് സ്ഥലങ്ങളിൽ നിയോഗിച്ച നടപടി റദ്ദ് ചെയ്യുന്നതിനും തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കോന്നി താലൂക്കാശുപത്രിയിൽ നിലവിലുള്ള സിവിൽ സർജൻ ഉൾപ്പെടെയുള്ള തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. അസിസ്റ്റന്റ് സർജൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികകളിലേയ്ക്ക് പി.എസ്.സി. നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കോന്നി താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമുള്ള ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(7) മണ്ണുമാന്തി കപ്പൽ നീക്കം ചെയ്യൽ

ശ്രീ. എം. നൗഷാദ്: ഇരവിപുരം തീരപ്രദേശത്ത് അടിഞ്ഞ മണ്ണുമാന്തി കപ്പൽ നീക്കം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): തുറമുഖ വകുപ്പിൽ അടയ്ക്കേണ്ട തുകയിൽ കുടിശ്ശിക വരുത്തിയതിനാൽ കപ്പലിന് തുറമുഖം വിട്ടുപോകാനുള്ള അനുമതി നൽകാതിരുന്നതിനെത്തുടർന്ന് അധികൃതർ കോടതിയെ സമീപിച്ച് അനുകൂല വിധി നേടിയെങ്കിലും കപ്പൽ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. കപ്പൽ മാറ്റുന്നതിന് വേണ്ടിവരുന്ന ഭീമമായ ചെലവ് വഹിക്കാൻ സംസ്ഥാന തുറമുഖ വകുപ്പിനോ നേവി, കോസ്റ്റ് ഗാർഡ് തുടങ്ങിയ കേന്ദ്ര ഏജൻസികൾക്കോ കഴിയാത്ത സാഹചര്യമാണുള്ളത്. മണൽച്ചാക്കുകൾ ഉപയോഗിച്ച് തടയണ കെട്ടി ഡ്രഡ്ജർ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന അവസ്ഥയിൽ കൊണ്ടുവന്നതിനുശേഷം ടഗ്ഗ് ഉപയോഗിച്ച് നീക്കം ചെയ്യുന്നതാണെന്ന് കമ്പനി പ്രതിനിധി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് മതിയായ സുരക്ഷ ഒരുക്കുന്നതിന് കോസ്റ്റ്ഗാർഡ് കമാൻഡന്റിന് ജില്ലാ കളക്ടർ അടിയന്തര നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) തസ്തിക സൃഷ്ടിക്കൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സംസ്ഥാനത്തെ ആശുപത്രികളിൽ ദന്തൽ സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ

ടീച്ചർ): സംസ്ഥാനത്തെ ആശുപത്രികളിൽ ദന്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും ദന്തൽ സർജൻമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും ഘട്ടംഘട്ടമായി നടപടി സ്വീകരിക്കുന്നതാണ്. ജില്ലാ ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി ദന്തൽ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതും ട്രോമാ കെയറിന്റെ ഭാഗമായി ദന്തൽ സേവനങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുന്നതുമാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതാണ്. നിലവിൽ വരുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

## (9) അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീ. എ. എൻ. ഷംസീർ: അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനത്തിന് തുല്യമായ വേതനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): അൺ-എയ്ഡഡ് മേഖലയിൽ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ ചട്ടം നിലവിലുള്ളതും 2007-ൽ സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശ അനുസരിച്ച് വേതനം പുതുക്കി നിശ്ചയിച്ചിട്ടുള്ളതുമാണ്. ഈ മേഖലയിൽ അദ്ധ്യാപകർ നേരിടുന്ന

ചൂഷണം അവസാനിപ്പിക്കുന്നതിനായി തൊഴിൽ വകുപ്പ് തയ്യാറാക്കിയ കരട് ബിൽ വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. അൺ-എയ്ഡഡ് മേഖലയിലെ ജോലി സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള ശക്തമായ നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

(10) രണ്ടാം ഉപഭാഷാ പഠനം

ശ്രീ. പി. കെ. അബ്ദു റബ്ബ്: പ്ലസ് വൺ ക്ലാസ്സുകളിൽ രണ്ടാം ഉപഭാഷയായി സംസ്കൃതം, അറബിക്, ഉറുദു ഭാഷകൾ പഠിക്കുന്നതിന് അവസരം നൽകണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഹയർ സെക്കന്ററി തലത്തിൽ നിലവിൽ 12 ഉപഭാഷകൾ പഠിക്കുന്നതിനും ഓരോ സ്കൂളിനും നാല് ഉപഭാഷകൾകൂടി തെരഞ്ഞെടുക്കുന്നതിനും അവസരം നൽകിയിട്ടുണ്ട്. ഏതെങ്കിലും സ്കൂളിൽ ഒരു ഉപഭാഷകൂടി അധികമായി പഠിക്കണമെന്നുണ്ടെങ്കിൽ സർക്കാർ അനുമതിയോടുകൂടി പഠിപ്പിക്കുന്നതിനും സംസ്കൃതം, അറബിക്, ഉറുദു ഭാഷകൾ അനുവദനീയമായ സ്കൂളിൽ ചേർന്നുപഠിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാഷ പഠിക്കാൻ എന്തെങ്കിലും തടസ്സം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പരിഹരിക്കുന്നതാണ്.

## (11) വന്യമൃഗശല്യം

ശ്രീ. പി. വി. അൻവർ: നിലമ്പൂരിലെ വനാതിർത്തികളിൽ കാട്ടാന അടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): നിലമ്പൂർ നോർത്ത്, സൗത്ത് ഡിവിഷനുകളിലായി യഥാക്രമം 7.5, 10 കിലോമീറ്ററുകളിലായി സൗരോർജ്ജവേലിയും സൗത്ത് ഡിവിഷനിൽ 423 മീറ്ററിൽ ആന പ്രതിരോധ മതിലിന്റെ നിർമ്മാണവും പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരെ വിന്യസിച്ച് എലിഫന്റ് സ്ക്വാഡും നോർത്ത് ഡിവിഷനിലെ പത്ത് ജീവനക്കാരടങ്ങുന്ന ദ്രുതകർമ്മസേനയും ആക്രമണ പ്രതിരോധത്തിനായി പ്രവർത്തിക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലയോഗം ചേർന്ന് ജില്ലകൾ തോറുമുള്ള വനമേഖലകളിലെ പ്രശ്നത്തിന് പരിഹാരം കാണുന്നതാണ്.

## IV മേശപ്പുറത്തു വച്ച കടലാസുകൾ:

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI അറിയിപ്പ്

മി. സ്പീക്കർ: 14-ാം കേരള നിയമസഭയുടെ അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതി രൂപീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 2016 ജൂലൈ 11 -ാം തീയതിയിലെ 38-ാം നമ്പർ ബുള്ളറ്റിൻ ഭാഗം (2) പ്രകാരം സമയം നിശ്ചയിച്ചിരിക്കുന്നതിനാൽ അംഗങ്ങൾക്ക് ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം:

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

## (1) 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബിൽ.

ശ്രീമതി യു. പ്രതിഭ ഹരി: 2016-ലെ കേരള നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എസ്. ശർമ്മ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): ബില്ലിന്റെ ഉള്ളടക്കത്തോട് യോജിക്കുന്നു. നിർദ്ധനരായ വിധവകളുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ നിലവിലുള്ളതിനാലും ഇതിലെ വ്യവസ്ഥകൾ ക്രിമിനൽ നടപടി സംഹിതയിലെയും ഇന്ത്യൻ തെളിവ് നിയമത്തിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാലും സഞ്ചിത നിധിയിൽ നിന്ന് 75 ലക്ഷം രൂപ ധനകാര്യ മെമ്മോറാണ്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്നതിനാലും ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് ഗവർണ്ണറുടെ ശിപാർശ ആവശ്യമാണ്. ആയതിനാൽ ബിൽ പരിഗണിക്കേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീമതി യു. പ്രതിഭ ഹരി: നിർദ്ധനരായ വിധവകളുടെ ക്ഷേമവും

സുരക്ഷിതത്വവും ഉറപ്പാക്കാൻ ഒട്ടേറെ നടപടികളുണ്ടെങ്കിലും അധിക സാമ്പത്തിക ബാധ്യതയില്ലാതെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. സാമ്പത്തികമായും ധാർമ്മികമായും പാർശ്വവത്കരിക്കപ്പെടുന്ന വിധവകളുടെ ഭാവി സുരക്ഷിതമാക്കാനുതകുന്ന നിയമനിർമ്മാണവും നടപടികളും യാഥാർത്ഥ്യമാക്കണമെന്നുള്ളതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാനത്തെ വിധവകളുടെ കൃത്യമായ കണക്ക് പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കാനുള്ള നടപടിയുണ്ടാകണം. നിർദ്ധനരായ വിധവകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് തീർപ്പുകൽപ്പിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ അഭിഭാഷകയുടെ സേവനം ലഭ്യമാക്കുന്നതിനും ജില്ലാതലത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്ന സമിതിക്ക് സാധിക്കണം. ഐഡന്റിറ്റി ക്രൈസിസ് അനുഭവിക്കുന്ന ഇവരെ 'വിധവ' എന്നതിനുപകരം 'പ്രിവിലേജ്ഡ് സിസ്റ്റേഴ്സാ'യി കണക്കാക്കി ഐഡന്റിറ്റി കാർഡ് നൽകുന്നതിനും ബാങ്കുകളിലും ഓഫീസുകളിലും പ്രത്യേക പരിഗണന നൽകുന്നതിനും പോലീസിന്റെ ഭാഗത്തുനിന്നും അനുഭവിക്കേണ്ടിവരുന്ന അതിക്രമങ്ങൾ തടയുന്നതിനും വ്യവഹാരങ്ങളുമായി ബന്ധപ്പെട്ട പരാതികൾക്ക് മുൻഗണന ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. വിധവകൾക്ക് നൽകിവരുന്ന ധനസഹായം ഏകോപിപ്പിക്കുന്നതിനും കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും

ഇവരുടെ ക്ഷേമത്തിനായി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെപ്പറ്റി ബോധവത്കരണം നടത്തുന്നതിനും തയ്യാറാകണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 'വിധവ' കളുടെ നിർവ്വചനത്തിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്. സാമൂഹ്യ വ്യവസ്ഥിതിയുടെ ഭാഗമായി വിധവകൾ നിരവധി മാനസിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നേരിടേണ്ടിവരുന്നുണ്ട്. കുറ്റമറ്റ രീതിയിൽ പഞ്ചായത്തടിസ്ഥാനത്തിൽ സംസ്ഥാനത്താകെയുള്ള വിധവകളുടെ കണക്ക് ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വിധവകൾക്കായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള സഹായപദ്ധതികൾ ഏകോപിപ്പിച്ച് പൊതുസഹായമായി നൽകുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതോടൊപ്പം സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന ശൈശവ വിവാഹം നിരുത്സാഹപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആദിവാസി മേഖലകളിൽ നടക്കുന്ന ശൈശവവിവാഹം തടയുന്നതിന് കൂടുതൽ ബോധവത്കരണം ആവശ്യമാണ്. വിവിധ സംഘടനകളുടെ ചൂഷണത്തിൽ നിന്നും വിധവകൾക്ക് സംരക്ഷണം നൽകേണ്ടതുണ്ട്. ഗുരുതരരോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സ, വിധവകളുടെ കൂട്ടായ്മ ഇവയെല്ലാം സാമൂഹ്യനീതി-ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കേണ്ട കാര്യങ്ങളാണ്. ഇത്തരത്തിൽ

ഒരു ബിൽ കൊണ്ടുവരുന്നതിന്റെ നിയമവശം പരിശോധിച്ച് സാമൂഹ്യനീതി വകുപ്പിന്റെ അധികാരപരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് പരിശോധിക്കുന്നതാണ്. സാങ്കേതിക പ്രശ്നങ്ങൾ ഉള്ളതുകൊണ്ടാണ് ഈ ബില്ലിന് അവതരണാനുമതി നിഷേധിച്ചത്.

ശ്രീമതി യു. പ്രതിഭ ഹരി: വിധവകൾ സംരക്ഷിക്കപ്പെടേണ്ടതിനാൽ ഈ ബിൽ ഗവൺമെന്റ് അംഗീകരിക്കുകയോ ഗവൺമെന്റ് പ്രത്യേക ബിൽ കൊണ്ടുവരികയോ ചെയ്യണം.

(ചർച്ച തുടരും)

(2) 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ

ശ്രീ. എം. സ്വരാജ്: 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടു ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സംസ്ഥാന ദേശീയ ഉദ്യാനങ്ങളും വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളും അതിനുചുറ്റുമുള്ള സ്ഥലവും പരിസ്ഥിതി സംവേദക മേഖലകളായി പ്രഖ്യാപിച്ച് നിർമ്മാണം

നിയന്ത്രിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ബില്ലിലെ മൂന്നാം വകുപ്പ് വന്യമൃഗ സങ്കേതങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിയന്ത്രണം സംബന്ധിച്ചുള്ളതാണ്. 1980-ലെ വന സംരക്ഷണ നിയമം, 1961-ലെ കേരള ഫോറസ്റ്റ് ആക്ട്, 1986-ലെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട് എന്നിവ പ്രകാരം വനപ്രദേശങ്ങളിലെ എല്ലാ നിർമ്മാണങ്ങൾക്കും ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ വീണ്ടും ഒരു നിയമനിർമ്മാണത്തിന് പ്രസക്തിയില്ല. ബില്ലിലെ ചില വ്യവസ്ഥകൾ പാർലമെന്റ് പാസ്സാക്കിയ 1972-ലെ വന്യമൃഗ സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ നിയമസഭ പാസ്സാക്കിയാലും രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കേണ്ടിവരും. പ്രസ്തുത ബിൽ നിയമമാക്കി പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്ന് 12 ലക്ഷത്തോളം രൂപ ചെലവുവരുമെന്നതിനാലും ഗവർണ്ണറുടെ ശിപാർശയില്ലാത്തതിനാലും ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എം. സ്വരാജ്: പ്രകൃതിയുടെ സന്തുലിതാവസ്ഥ തകരാറിലാകുന്നതുസംബന്ധിച്ച് ലോകമെമ്പാടും ഇന്ന് ചർച്ചകൾ നടന്നുവരികയാണ്. പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ ബിൽ. പല

തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പക്ഷി-മൃഗാദികളുടെ സ്വൈര്യവിഹാരത്തിന് തടസ്സം സൃഷ്ടിക്കാറുണ്ട്. കെട്ടിട നിർമ്മാണത്തിനുപയോഗിക്കുന്ന വിവിധ തരത്തിലുള്ള ഫൈബർ ഗ്ലാസ്സുകളിലും ലോഹ ഷീറ്റുകളിലും സൂര്യപ്രകാശം തട്ടി പ്രതിഫലിക്കുമ്പോഴുണ്ടാകുന്ന അസ്വസ്ഥതകൾ പക്ഷികളെ അവിടെനിന്നും ഒഴിഞ്ഞുപോകാൻ പ്രേരിപ്പിക്കുന്നു. പക്ഷി-മൃഗസങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ പാലിക്കേണ്ടത് അവയുടെ ആവാസവ്യവസ്ഥയ്ക്ക് അനിവാര്യമാണ്. ഇന്ന് നാം കൈക്കൊള്ളുന്ന പാരിസ്ഥിതിക നിലപാടുകളിൽ പലതിനും ഭാവിയിൽ മാറ്റം വരുത്തേണ്ടതായി വരും. പരിസ്ഥിതിയിലെ ഏകകോശ ജീവിപോലും മനുഷ്യരെപ്പോലെതന്നെ പ്രധാനപ്പെട്ടതാണെന്ന് ചിന്തിക്കാൻ കഴിയുന്ന മാനവികതയിലേക്ക് നമുക്ക് വളരാൻ കഴിയണം. പക്ഷി-മൃഗസങ്കേതങ്ങളോട് ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പാടില്ലെന്നോ മനുഷ്യവാസം ഉണ്ടാകരുതെന്നോ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അവിടെ ആവശ്യമായ നിയന്ത്രണങ്ങളാണ് വേണ്ടത്. ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് നിർമ്മാണ സാമഗ്രികളിലും കെട്ടിടത്തിന്റെ നിറത്തിലുമൊക്കെ മാറ്റംവരുത്താൻ നിയമത്തിൽ വ്യവസ്ഥ ചെയ്യണം.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.